# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *6 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. ബാബു<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സുപ്രീംകോടതി ഭരണഘടന ബെഞ്ചിന്റെ വിധി സംസ്ഥാനത്ത് കലാപം സൃഷ്ടിച്ച് വർഗ്ഗീയ ധ്രുവീകരണം നടത്തുന്നതിനുള്ള സുവർണ്ണാവസരമാണെന്ന് ഒരു രാഷ്ട്രീയ നേതാവ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുള്ളവരെ മുൻകരുതൽ ആയി അറസ്റ്റ് ചെയ്തും, നിരന്തര പോലീസ് പട്രോളിംഗ് നടത്തിയും, പ്രശ്നബാധിത മേഖലകൾ കണ്ടെത്തി അക്രമസാധ്യത കണക്കിലെടുത്തുകൊണ്ട് സുരക്ഷയ്ക്കായി ശക്തമായ പോലീസ് പിക്കറ്റുകൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തിയും സംസ്ഥാനത്തുടനീളം അക്രമങ്ങളും അരാജകത്വവും സൃഷ്ടിക്കാനുള്ള ചില സംഘടനകളുടെ ശ്രമം പോലീസ് അമർച്ച ചെയ്തിട്ടുണ്ട്. കൂടാതെ കലാപം ഉണ്ടാക്കി അക്രമ പ്രവർത്തനങ്ങൾ നടത്തി സ്വകാര്യ മുതൽ നശിപ്പിക്കുന്നത് തടയുന്നതിനും ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനടപടികളും നഷ്ടപരിഹാരവും സംബന്ധിച്ച് 08.01.2019 – ൽ "കേരള സ്വകാര്യമുതൽ നശിപ്പിക്കുന്നത് തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019" ഓർഡിനൻസ് പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ |

സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

അക്രമ പ്രവർത്തനങ്ങളിൽ പൊതു മുതൽ നശിപ്പിക്കുന്നത് തടയുന്നതിനും, ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചും കുറ്റക്കാരിൽ നിന്നും നാശനഷ്ടം ഈടാക്കുന്നതിന് Prevention of Damage to Public Property Act, 1984 പ്രകാരം നടപടികൾ സ്വീകരിച്ചും വരുന്നു.

ഹർത്താൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ദേശീയപാതകൾ/ സംസ്ഥാനപാതകൾ/ പൊതുനിരത്തുകൾ എന്നിവയ്ക്ക് നാശനഷ്ടം വരുത്തിയവർക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനും, നാശനഷ്ടം ഈടാക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് കലാപകാരികൾക്ക് പിന്തുണയേകാനായി കരിദിനാചരണം നടത്തുകയും കൊടിപിടിക്കാതെ കലാപത്തിൽ പങ്കെടുക്കുകയും ചെയ്തവർ, സുപ്രീംകോടതി വിധി പുന:പരിശോധിക്കാൻ ആവശ്യപ്പെടാതെ കേന്ദ്ര സർക്കാരിനോട് ഓർഡിനൻസ് ഇറക്കാൻ ആവശ്യപ്പെടുകയും പാർലമെന്റിൽ ഈ പ്രശ്നം ഉന്നയിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; | (ബി) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

(സി) സംസ്ഥാനത്ത് മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള വനിതകളെയും വനിതകളായ അയ്യപ്പ വിശ്വാസികളെയും വർഗീയവാദികൾ ക്രൂരമായി മർദ്ദിച്ച് സ്ത്രീകളുടെ അവകാശം ധ്വംസിച്ചതിനെതിരെ കേന്ദ്ര വനിതാകമ്മീഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

(സി) കേന്ദ്ര വനിത കമ്മീഷൻ ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**